**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6352** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സീറ്റുകളിലെ അഡ്മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ പ്ലസ് വൺ അഡ്മിഷനായി സംസ്ഥാനത്ത് എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ വർഷത്തെ പ്ലസ് വൺ അഡ്മിഷനായി സംസ്ഥാനത്ത് സ.ഉ.(കൈ) നം. 191/2021 പൊ.വി.വ തീയതി 02/09/2021 ഉത്തരവ് പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ / എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.241/2021 പൊ.വി.വ തീയതി 28/10/2021 ഉത്തരവ് പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സീറ്റുകളുടെ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 10ശതമാനവും അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിൻെറ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്കും 10% സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. അത്പോലെ കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ 20 % ഉം അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിൻെറ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനവും വരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട് ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കൽപ്പറ്റ |

| | | | |
|---|---|---|---|
| | | | എന്നീ സ്കൂളിൽ ഓരോ ഹ്യൂമാനിറ്റീസ് ബാച്ച് താത്കാലികമായി അനുവദിക്കുന്നതിനും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ നാമമാത്രമായ വിദ്യാർത്ഥികൾ ഉള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലകളിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമെങ്കിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ താത്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനും സർക്കാർ ഇതിനകം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വർദ്ധിപ്പിച്ച സീറ്റുകളിൽ അഡ്മിഷൻ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പ്ലസ് വൺ പ്രവേശനത്തിൻെറ മുഖ്യഘട്ട അലോട്ട്മെൻറുകളിലും ഒന്നാം സപ്ലിമെന്ററി അലോട്ട്മെൻറിലുമായി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച സീറ്റുകൾ കൂടി ഉൾപ്പെടുത്തിയുള്ള വേക്കൻസികളിലേയ്ക്ക് സ്കൂൾ / കോമ്പിനേഷൻ മാറ്റത്തിന് അവസരം നൽകിയിട്ടുണ്ട്. അതിന് ശേഷം വരുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ 2021 നവംബർ 17 ന് പ്രസിദ്ധീകരിക്കുകയും ഈ ഒഴിവുകളിലേയ്ക്ക്, അപേക്ഷ നൽകിയിട്ടും അലോട്ട്മെന്റ് ലഭിക്കാത്ത വർക്ക് വീണ്ടും പരിഗണിക്കപ്പെടുന്നതിനായി അപേക്ഷ പുതുക്കി നൽകാം. അപേക്ഷ പുതുക്കുന്ന തിനോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകളും പുതുക്കി നൽകാം. |
| (സി) | സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് മുൻപ് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവർ ഹയർ ഓപ്ഷൻ നൽകിയിരുന്ന വിദ്യാലയങ്ങളിൽ വർദ്ധിപ്പിച്ച സീറ്റുകളിൽ അഡ്മിഷൻ നേടുന്നതിന് അവസരം നൽകാമോ? | (സി) | അവസരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ